# സെനറ്റ് മീറ്റിങ് റിപ്പോർട്ട്

**തിയ്യതി: 24 ഒക്ടോബർ 2022, തിങ്കൾ**
**സമയം: രാവിലെ 10 മണി മുതൽ ഉച്ചക്ക് 1 മണിവരെ**

ദാറുൽഹുദാ ഇസ്‌ലാമിക സർവകലാശാലയുടെ 2022-23 അധ്യയന വർഷത്തെ പ്രഥമ സെനറ്റ് യോഗം 24-10-2022 ന് രാവിലെ 10.00 മണി മുതൽ ഉച്ചക്ക് 1.00 മണി വരെ വാഴ്സിറ്റി മീറ്റിംഗ് ഹാളിൽ വെച്ച് ചേർന്നു. 28 അംഗങ്ങൾ പങ്കെടുത്തു.

<u>**യോഗത്തിൽ സംബന്ധിച്ചവർ**</u>

1. കെ. ആലിക്കുട്ടി മുസ്‌ലിയാർ
2. ഡോ. ബഹഉദ്ദീൻ മുഹമ്മദ് നദ്‌വി
3. സയ്യിദ് മുഹമ്മദ് കോയ തങ്ങൾ ജമലുല്ലൈൽ
4. യു.ശാഫി ഹാജി ചെമ്മാട്
5. ഡോ. യു.വി.കെ മുഹമ്മദ്
6. ഹംസ ഹാജി മൂന്നിയൂർ
7. ഡോ. എൻ.എ.എം അബ്ദുൽ ഖാദിർ
8. ശാഹുൽ ഹമീദ് മാസ്റ്റർ മേൽമുറി
9. മുസ്ഥഫ മാസ്റ്റർ മുണ്ടുപാറ
10. പി.കെ അബ്ദുർറശീദ് ഹാജി
11. അബ്ദുൽകലാം മാസ്റ്റർ
12. പി.എം ഹംസ ഹാജി
13. അഡ്വ. കെ.കെ. സൈദലവി പാലത്തിങ്ങൽ
14. അബ്ദുൽകബീർ ഹാജി ഓമച്ചപ്പുഴ
15. മൂസ ഹാജി കാടാമ്പുഴ
16. ഡോ. ഫൈസൽ ഹുദവി മാരിയാട്
17. ഒ.കെ.എം മൗലവി ആനമങ്ങാട്
18. എൻ.കെ ഇബ്രാഹീം ഹാജി
19. ഹാരിസ് ഹുദവി മടപ്പള്ളി
20. മീറാൻ ദാരിമി കാവനൂർ
21. ശമീർ ഹുദവി മേൽമുറി
22. കെ. പി അബൂബക്ർ ഹാജി കണ്ണാടിപ്പറമ്പ്
23. അബ്ദുശ്ശുകൂർ ഹുദവി ചെമ്മാട്
24. ഇ.കെ സിറാജുദ്ദീൻ ഹുദവി മേൽമുറി
25. എ.പി മുസ്ഥഫ ഹുദവി അരൂർ.
26. ഡോ.പി.കെ ശാഫി ഹുദവി
27. ഡോ. റഫീഖ് ഹുദവി കരിമ്പനക്കൽ
28. പി.കെ അബ്ദുന്നാസിർ ഹുദവി

അധ്യക്ഷൻ ബഹു. വൈസ് ചാൻസലർ ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി പ്രാർത്ഥന നടത്തി. തുടർന്നു അംഗങ്ങളെ അഭിസംബോധനം ചെയ്തു സംസാരിച്ചു. നടപ്പു അധ്യയനവർഷം പ്രവർത്തനമാരംഭിച്ച തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ദാറുൽഹുദാ തിരുവനന്തപുരം സെന്റർ, ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിലുള്ള മഅ്ദിനുൽ ഉലൂം അറബിക് കോളേജ് എന്നീ സ്ഥാപനങ്ങളെ സംബന്ധിച്ചും ഈ അധ്യയനവർഷം നിറുത്തിലാക്കിയ കോവളം ഹിദായത്തുൽ ഇസ്‌ലാം യു.ജി കോളേജ് സംബന്ധിച്ചും ബഹു. വൈസ് ചാൻസലർ വിശദീകരിച്ചു. തിരുവനന്തപുരം കടുവാപള്ളിയിൽ സെനറ്റ് പ്രതിനിധികൾ സന്ദർശിക്കുകയും മഹല്ല് ജമാഅത്തിനു കീഴിൽ പുതിയ ദാറുൽഹുദായുടെ വനിതാകോളേജ് ആരംഭിക്കുന്നതു സംബന്ധിച്ച് പ്രാരംഭ കാര്യങ്ങൾ ചർച്ച



Hidaya Nagar, Chemmad, P.B.3, P.O. Tirurangadi, Malappuram, Kerala, India, 676306
www.dhiu.in info@dhiu.in +91 494 2463155, 2460575, 2464502 9745460575

നടത്തുകയും ചെയ്ത കാര്യം അദ്ദേഹം പറഞ്ഞു. അറബി ഭാഷയുടെ പ്രചരണാർത്ഥം സഊദിയിലെ റിയാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന അൽ അറബിയ്യ ലിൽജമീഅ് ( Arabic for All) എന്ന സംഘടന ആറു വർഷമായി ദാറുൽഹുദായുമായി സഹകരിക്കുന്നുണ്ടെന്നും അവരുടെ പ്രതിനിധി അടുത്തി ടെ വാഴ്സിറ്റി സന്ദർശിക്കുകയും കൂടിക്കാഴ്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംയുക്ത സഹകരണത്തോടെ കൂടുതൽ പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടെന്നും ബഹു വൈസ് ചാൻസലർ അറിയിച്ചു.
ദാറുൽഹുദായുടെ സംരംഭങ്ങൾക്കു സെനറ്റ് അംഗങ്ങൾ നൽകുന്ന പിൻബലം വിലമതിക്കാനാവാത്തതാണെന്നും ഏതു പ്രതികൂല സാഹചര്യങ്ങളെയും തൃണവത്ഗണിച്ചു മുന്നേറാൻ എല്ലാവരുടെയും പിന്തുണ വേണമെന്നും അ്ദേഹം അഭ്യർത്ഥിച്ചു. പുതിയ അക്കാദമിക് രജിസ്ട്രാർ ഡോ. റഫീഖ് ഹുദവി കരിമ്പനക്കലിനെ വൈസ് ചാൻസലർ അംഗങ്ങൾക്ക് പരിചയപ്പെടുത്തി.
ശൈഖുൽ ജാമിഅ കെ. ആലിക്കുട്ടി മുസ്‌ലിയാർ യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കേരളത്തിനകത്തും പുറത്തും ദാറുൽഹുദാക്കു കീഴിൽ നടത്തുന്ന വിദ്യാഭ്യാസ ശാക്തീകരണ പദ്ധതികൾ മാതൃകാപരമാണെന്നും അദ്ദേഹം പറഞ്ഞു.
തുടർന്ന് രജിസ്ടാർ അജണ്ട വിശദീകരിക്കുകയും മുൻയോഗ റിപ്പോർട്ട് സംഗ്രഹിക്കുകയും അവലോകനം നടത്തുകയും ചെയ്തു.

## 1.1 അർധ വാർഷിക അക്കാദമിക റിപ്പോർട്ട്

2022-23 അധ്യയന വർഷത്തെ അർധവാർഷിക അക്കാദമിക റിപ്പോർട്ട് രജിസ്ട്രാർ അവതരിപ്പിച്ചു. നിലവിൽ യു.ജി വിഭാഗത്തിൽ 36 സ്ഥാപനങ്ങളിലായി (രണ്ടു വനിതാ സ്ഥാപനങ്ങളടക്കം) 9158 വിദ്യാർഥികളും പി.ജി വിഭാഗത്തിൽ 557 പേരും ഹിഫ്ളുൽഖുർആൻ കോഴ്സിൽ 58 പേരും (ആകെ 9773 വിദ്യാർഥികൾ) പഠനം നടത്തുന്നുണ്ടെന്ന് രജിസ്ട്രാർ അറിയിച്ചു. ഭാഗികർ അടക്കം 698 അധ്യാപകരാണ് ദാറുൽഹുദാ സംവിധാനത്തിൽ സേവനം ചെയ്യുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.
ബോർഡ് ഓഫ് സ്റ്റഡീസ്, കരിക്കുലം കമ്മിറ്റി, സിബാഖ് ആലോചനാ യോഗങ്ങൾ, വേതന പരിഷ്കരണ സമിതി, അക്കാദമിക് കൗൺസിൽ, എജ്യൂക്കേഷൻ ബോർഡ് എന്നിവയടക്കം 30-ലധികം യോഗങ്ങൾ ഇക്കാലയളവിൽ നടന്നു. അധ്യാപകർക്കായി വിവിധ തലങ്ങളിൽ 10 പരിശീലന ക്യാമ്പുകളും സംഘടിപ്പിച്ചു.
സി.സി.ഇ റെക്കോർഡ് ബുക്ക്, മെന്ററിംഗ് റെക്കോർഡ് ബുക്ക്, വ്യക്തിഗത മെന്ററിംഗ് സംവിധാനം എന്നിവ ആവിഷ്കരിച്ചു. സ്ഥാപനങ്ങളിൽ അക്കാദമിക് അസിസ്റ്റന്റ്, വെൽഫെയർ കോഡിനേറ്റർ, ഔട്ട്റീച്ച് കോഡിനേറ്റർ എന്നീ മൂന്ന് പുതിയ തസ്തികകൾ ആരംഭിച്ചു. കേരളേതര സഹസ്ഥാപനങ്ങളിലും ഓഫ് കാമ്പസുകളിലും അക്രഡിറ്റേഷനും, പി.ജി വിഭാഗത്തിൽ ഇൻസ്പെക്ഷനും ഇക്കാലയളവിൽ നടന്നതായി രജിസ്ട്രാർ അറിയിച്ചു.

## 1.2 ഓഫ് കാമ്പസ് സെന്ററുകൾ, മറ്റു അനുബന്ധ പ്രവർത്തനങ്ങൾ, പദ്ധതികൾ

ദാറുൽഹുദായുടെ പശ്ചിമ ബംഗാൾ, ആസാം, ആന്ധ്രാപ്രദേശ്, കർണാടക സംസ്ഥാനങ്ങളിലെ ഓഫ് കാമ്പസ് സെന്ററുകളുടെയും തിരുവനന്തപുരം നെടുമങ്ങാടുള്ള സെന്ററിന്റെയും പ്രവർത്തനങ്ങൾ ബഹു. ജന.സെക്രട്ടറി യു.ശാഫി ഹാജി വിശദീകരിച്ചു. ദാറുൽഹുദാ സംവിധാനങ്ങളെയും വിദ്യാഭ്യാസ പ്രവർത്തനങ്ങളെയും അതിയായി സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പ്രവാസികളും അല്ലാത്തവരുമായ നിരവധി അഭ്യുദയകാംക്ഷികളുടെ സഹായ സഹകരണങ്ങളും പിന്തുണയുമാണ് ഓരോ സംരംഭത്തിന്റെയും കരുത്തും ഊർജ്ജവുമെന്ന് അദ്ദേഹം വ്യക്തമാക്കി. നിർമാണം പുരോഗമിക്കുന്ന ദാറുൽഹുദായുടെ മഹാരാഷ്ട്ര വഡോളിയിലുള്ള പുതിയ കാമ്പസിൽ രണ്ട് നില കെട്ടിടത്തിന്റെ പണി അതിദ്രുതം നടന്നുവരുന്നതായും അടുത്ത അധ്യയന വർഷം പഠനമാരംഭിക്കാൻ സാധിക്കുമെന്നും ആറു കോടിയിലധികം രൂപ നിർമാണ ചെലവിനു വേണ്ടിവരുമെന്നും അദ്ദേഹം പറഞ്ഞു. ഉത്തർപ്രദേശിലെ വസീർപൂരിൽ പുതിയ കാമ്പസ് ആരംഭിക്കുന്നതിന് അഞ്ചേക്കർ ഭൂമി ലഭിച്ചതായും രജിസ്ട്രേഷൻ നടപടികൾ നടക്കുന്നതായും അദ്ദേഹം അറിയിച്ചു. ബീഹാറിലും ത്രിപുരയിലെ അഗർത്തലയിലും സ്ഥലങ്ങൾ സന്ദർശിച്ചുവെന്നും ഭൂപ്രദേശം അനുകൂലമല്ലാത്തതിനാൽ അഗർത്തലയിൽ സ്ഥാപനം ആരംഭിക്കുന്നത് വിശദമായി പഠിച്ചു ബോധ്യപ്പെട്ടതിനു ശേഷമാകണമെന്നും അദ്ദേഹം പറഞ്ഞു.

## 2. ബിരുദദാനം

ദാറുൽഹുദാ ഇസ്‌ലാമിക സർവകലാശാലയുടെ പന്ത്രണ്ട് വർഷത്തെ പഠനവും രണ്ട് വർഷത്തെ നിർബന്ധിത സാമൂഹിക സേവനവും പൂർത്തിയാക്കിയ ഇരുപത്തിയഞ്ചാം ബാച്ചിലെ 235 പണ്ഡിതർക്ക് ബിരുദം നൽകാനുണ്ടെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു. ആറ് ഡിപ്പാർട്ട്മെന്റുകളിലായി പിജി പഠനം പൂർത്തിയാക്കിയവരുടെ വിവരം താഴേ ചേർക്കുന്നു.

| Department Wise Count | |
|---|---|
| Qur'an & Related Sciences | 40 |
| Hadith & Related Sciences | 33 |
| Fiqh & Usul al-Fiqh | 35 |
| Aqeeda & Philosophy | 32 |
| Da'wa & Comparative Religion | 43 |
| Arabic Language & Literature | 33 |
| **Total:** | **216** |

അനിവാര്യമായ മുഴുവൻ വ്യവസ്ഥകളും പൂർത്തിയാക്കിയവർക്ക് ബിരുദം നൽകാൻ സെനറ്റ് അംഗീകാരം നൽകി. സേവന കാലയളവിൽ വിദൂര സംവിധാനം വഴി ഉപരിപഠനം നടത്താൻ അനുമതിയുണ്ടോ എന്ന് അഡ്വ.കെ.കെ സൈദലവി പാലത്തിങ്ങൽ ചോദിച്ചു. സേവനകാലയളവിൽ വിദൂര പഠനം നടത്തുന്നതിനു തടസ്സമില്ലെന്നു ബഹു.വൈസ് ചാൻസലർ മറുപടി നൽകി. പരിപൂർണ്ണമായ രണ്ട് വർഷസേവന കാലാവധി പരിഗണിക്കുന്നുണ്ടോ, അതല്ല രണ്ടാം വർഷത്തെ ബിരുദദാന തിയ്യതി വരെയാണോ സേവന കാലാവധി എന്നതു സംബന്ധിച്ച് ഹംസ ഹാജി മൂന്നിയൂർ ചോദിച്ചു. അധ്യയന വർഷങ്ങളിലെ രണ്ടാം പകുതിയാണ് ബിരുദദാനം നടത്താറുള്ളത് എന്നും അധികപേരും പ്രസ്തുത വർഷാന്ത്യം വരെ സേവനം പൂർത്തിയാക്കുന്നവരാണെന്നും കൺട്രോളർ അറിയിച്ചു. പി.ജി സെക്ഷനിലെ സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് ഡോ. യു.വി.കെ മുഹമ്മദ് പറഞ്ഞു. ഓരോ സെക്ഷനിലെയും സൗകര്യങ്ങൾ സംബന്ധിച്ച് പഠനം നടത്താനും വേണ്ടതു ചെയ്യാനും മാനേജ്മെന്റ് ഉപസമിതിക്കു കീഴിൽ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ബഹു. ജന.സെക്രട്ടറി അറിയിച്ചു. ശ്രീനാരായണ ഗുരു വിദൂര സർവകലാശാലക്കു കീഴിൽ വിദൂര പഠനം നടത്തുന്നത് സാമ്പത്തികമായും അല്ലാതെയും വിദ്യാർത്ഥികളെ സാരമായി ബാധിക്കുമെന്ന് അഡ്വ.കെ.കെ സൈദലവി അറിയച്ചു. ഇതു സംബന്ധിമായി കൂടുതൽ പഠനം നടത്താമെന്നും പ്രായോഗികമായ ബദൽ മാർഗങ്ങൾ ആലോചിക്കാൻ പ്രത്യേക സമിതിയെ നേരത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ബഹു.വൈസ് ചാൻസലർ അറിയിച്ചു.

### 3. അക്കാദമിക് കൗൺസിലിന്റെ തീരുമാനങ്ങൾക്ക് അംഗീകാരം നൽകൽ

2022-23 അക്കാദമിക വർഷത്തെ പ്രഥമ അക്കാദമിക് കൗസിൽ യോഗം 02-10-2022 ഞായറാഴ്ച ബഹു. വൈസ് ചാൻസലറുടെ അധ്യക്ഷതിയിൽ ചേർന്നുവെന്നും വിവിധ ബോർഡ് ഓഫ് സ്റ്റഡീസ് സമർപ്പിച്ച നിർദേശങ്ങൾ സംബന്ധിച്ച വിശദ ചർച്ചകൾ നടന്നുവെന്നും രജിസ്ട്രാർ അറിയിച്ചു. അക്കാദമിക് കൗൺസിൽ യോഗ റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപവും അദ്ദേഹം അവതരിപ്പിച്ചു. കൗൺസിൽ നിർദേശങ്ങൾക്ക് സെനറ്റ് അംഗീകാരവും നൽകി. വിദ്യാർത്ഥികളുടെ എക്സ്റ്റേണൽ ഡിഗ്രിക്ക് പോണ്ടിച്ചേരി യൂനിവേഴ്സിറ്റി, അലിഗഢ് മലപ്പുറം സെന്റർ എന്നിവയുടെ സാധ്യതകൾ കൂടി അന്വേഷിക്കുന്നത് നല്ലതായിരിക്കുമെന്ന് അംഗം അഡ്വ.കെ.കെ സൈദലവി പാലത്തിങ്ങൽ അഭിപ്രായപ്പെട്ടു.

## 4. സെക്കൻഡറി & സീനിയർ സെക്കൻഡറി എജ്യുക്കേഷൻ ബോർഡ് തീരുമാനങ്ങൾക്ക് അംഗീകാരം നൽകൽ

04-10-2022 ന് ചൊവ്വാഴ്ച എജ്യൂക്കേഷൻ ബോർഡ് ചെയർമാൻ ഡോ.അബ്ദുർറഹ്മാൻ അരീക്കന്റെ അധ്യക്ഷതയിൽ സെക്കൻഡറി & സീനിയർ സെക്കൻഡറി എജ്യുക്കേഷൻ ബോർഡ് യോഗം ചേർന്നുവെന്നും 18-08-2022 മുതൽ 04-10-2022 കാലയളവിൽ നടന്ന കരിക്കുലം കമ്മിറ്റി യോഗങ്ങളുടെ നിർദേശങ്ങൾ വിശദമായി ചർച്ച ചെയ്തു അംഗീകാരം നൽകിയെന്നും രജിസ്ട്രാർ അറിയിച്ചു. നിലവിലെ ഇന്ത്യൻ മത-സാമൂഹിക-രാഷ്ട്രീയ സാഹചര്യം പരിഗണിച്ച് സിവിൽ സർവീസ് ഉദ്യോഗാർത്ഥികളെയും അഭിഭാഷകരെയും സജ്ജരാക്കുന്നതിന് ദാറുൽഹുദായുടെ ശ്രമങ്ങളുണ്ടാകേണ്ടത് അനിവാര്യമാണെന്ന് ബഹു.വൈസ് ചാൻസലർ അഭിപ്രായപ്പെട്ടു. അത്തരം അഭിരുചിയുള്ളവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നത് സംബന്ധിച്ചു ആലോചന നടക്കണമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു.

## 5. കേരളേതര യു.ജി സ്ഥാപനങ്ങളിലും കാമ്പസ് സെന്ററുകളിലും നടത്തിയ അക്രഡിറ്റേഷൻ

വാഴ്സിറ്റിയുടെ കേരളേതര സംസ്ഥാനങ്ങളിലെ യു.ജി സ്ഥാപനങ്ങളിലും കാമ്പസ് സെന്ററുകളിലും നടത്തിയ അക്രഡിറ്റേഷൻ സംബന്ധിച്ച് Quality Assurance കോഡിനേറ്റർ പി.സി അമീറലി വിശദീകരിച്ചു. കർണാടകയിലെ മാടന്നൂർ നൂറുൽഹുദാ ഇസ്‌ലാമിക് അക്കാദമി അക്രഡിറ്റേഷന് അപേക്ഷ നൽകാത്തത് സംബന്ധിച്ച് അംഗങ്ങൾ ചോദിച്ചു. അക്രഡിറ്റേഷനു വേണ്ട പ്രാഥമിക നടപടിക്രമങ്ങളും മാനദണ്ഡങ്ങളും പൂർത്തിയാക്കാത്തതിനാൽ പ്രസ്തുത സ്ഥാപനത്തിൽ അക്രഡിറ്റേഷൻ നടത്തിയിട്ടില്ലെന്ന് അദ്ദേഹം മറുപടി പറഞ്ഞു. കേരളേതര സ്ഥാപനങ്ങളിലെ അക്രഡിറ്റേഷൻ ഫലം വേണ്ടത്ര പ്രതീക്ഷ നൽകുന്നില്ലെന്നും അംഗങ്ങൾ പറഞ്ഞു. എന്നാൽ ഓഫ് കാമ്പസുകളിൽ ബി ഗ്രെയ്ഡ് നേടിയ ദാറുൽഹുദാ ബംഗാൾ ഓഫ് കാമ്പസിനെ പ്രത്യേകം അഭിനന്ദിക്കേണ്ടതുണ്ടെന്ന് ഡോ.എൻ.എ.എം അബ്ദുൽ ഖാദിർ അഭിപ്രായപ്പെട്ടു. ബഹു.വൈസ് ചാൻസലർ ഡോ.ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വിയുടെ നേതൃത്വത്തിൽ ഓഫ് കാമ്പസുകളിൽ നടത്തുന്ന മാനേജ്മെന്റ് പ്രതിനിധികളുടെ സന്ദർശനവും പരിശോധനയും പ്രധാന ഘടകമാണെന്ന് ബഹു.ജന.സെക്രട്ടറി അറിയിച്ചു. അക്രഡിറ്റേഷനിൽ മികച്ച പ്രകടനം കാഴ്ചവെച്ച സ്ഥാപനങ്ങളെ സെനറ്റ് അഭിനന്ദിച്ചു. അക്രഡിറ്റേഷൻ ഫലം താഴെ ചേർക്കുന്നു.

## 6. സിബാഖ് ദേശീയ കലോത്സവം

നവംബർ-ഡിസംബർ മാസങ്ങളിൽ വിവിധ ഘട്ടങ്ങളിലായി നടക്കുന്ന സിബാഖ് ദേശീയ കലോത്സവത്തിന്റെ രീതി രജിസ്ട്രാർ വിശദീകരിച്ചു. വിവാദങ്ങൾക്ക് ഇടംനൽകുന്ന മത്സരയിനങ്ങൾ ഉൾപ്പെടുത്തരുതെന്ന് ശാഹുൽ ഹമീദ് മാസ്റ്റർ അഭിപ്രായപ്പെട്ടു. മത്സരയിനങ്ങൾ പരിശോധിക്കാനും മറ്റുമാ

| *No* | *Institution* | *Given Weightage* | *Given Grade* |
|---|---|---|---|
| *1* | NIICS – DHIU | 3.48 | B+ |
| *2* | DHIU – Punganur | 2.76 | C++ |
| *3* | DHIU – Hangal | 2.16 | C |
| *4* | Darunnoor Education Centre – Kashipatna | 2.73 | C++ |
| *5* | Quvvathul Islam Arabic College – Mumbai | 2.08 | C |
| *6* | DHIU – Bengal | 3.04 | B |
| *7* | DHIU - Assam | 2.73 | C++ |

യി സെൻസർ ബോർഡ് രൂപീകരിച്ചിട്ടുണ്ടെന്നു രജിസ്ട്രാർ മറുപടി നൽകി. ദാറുൽഹുദാ അധ്യാപകർക്ക് മത്സരമുണ്ടോ എന്ന് സയ്യിദ് മുഹമ്മദ് കോയ തങ്ങൾ ജമലുല്ലൈൽ ചോദിച്ചു. നിലവിൽ വിദ്യാർത്ഥികൾക്കിടയിലാണ് മത്സരമെന്ന് രജിസ്ട്രാർ മറുപടി പറഞ്ഞു. അടുത്ത സിബാഖിൽ രചനാ ഇനങ്ങൾ ഉൾപെടുത്തി, അധ്യാപകരെ കൂടി പങ്കെടുപ്പിക്കുന്നത് സംബന്ധിച്ച് ആലോചിക്കണമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. വനിതാ കോളേജുകളിലെ വിദ്യാർത്ഥികളുടെ സിബാഖ് മത്സരങ്ങളെ സംബന്ധിച്ച് അംഗങ്ങൾ ചോദിച്ചു. നിലവിൽ സെക്കൻഡറി ഒന്നാം വർഷ വിദ്യാർത്ഥിനികൾക്ക് സ്റ്റേജിതര മത്സരങ്ങൾ സിബാഖിന്റെ ഭാഗമായി നടത്തിയിട്ടുണ്ടെന്ന് രജിസ്ട്രാർ അറിയിച്ചു.

**മറ്റു ചർച്ചകൾ**

വിദ്യാർത്ഥികൾക് എക്സ്റ്റേണൽ ഡിഗ്രി നൽകുന്നതിന് അലിഗഡ് മലപ്പുറം സെന്ററിന്റെ പരീക്ഷാ കേന്ദ്രം ദാറുൽഹുദായിൽ ആരംഭിക്കുന്നതാണ് നിലവിലെ സാഹചര്യത്തിൽ ഏറ്റവും ഉചിതമെന്ന് അഡ്വ.കെ.കെ സൈദലവി, ശാഹുൽഹമീദ് മാസ്റ്റർ മേൽമുറി എന്നിവർ അഭിപ്രായപ്പെട്ടു. ഇതു സംബന്ധിച്ച സാധ്യതകൾ അലിഗഡ് മലപ്പുറം ഡയറക്ടർ കൂടിയായ സെനറ്റ് അംഗം ഡോ. ഫൈസൽ ഹുദവി മാരിയാട് വിശദീകരിച്ചു. കൂടുതൽ അന്വേഷണം നടത്തി തുടർനടപടികൾ ആലോചിക്കാമെന്ന് ധാരണയിലെത്തി.

**Approved By:**
**Dr.Bahauddeen Muhammed Nadwi**
**Vice Chancellor**